(ബി) പ്രസ്തുത നോട്ടീസിന്റെ അടിസ്ഥാനത്തിൽ മുകളിൽ (എ) യിൽ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ പാതകളുടെ അറ്റകുറ്റപ്പണികൾക്കായി ദേശീയപാത വികസന അതോറിറ്റിയിൽ നിന്നും ലഭ്യമായ തുക

122 (2222) ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ദേശീയ പാതകളുടെ അറ്റകുറ്റപ്പണികൾക്കായി ദേശീയപാത വികസന അതോറിറ്റിയിൽ നിന്നും ഈ സാമ്പത്തിക വർഷം ആകെ എത്ര കോടി രൂപയാണ് സംസ്ഥാന വിഹിതമായി ലഭിക്കേണ്ടിയിരുന്നത് ;

(ബി) ഇതുവരെ ഈ ഇനത്തിൽ എത്ര കോടി രൂപ ലഭ്യമായിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ഈ സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന കാലാവധിക്കുള്ളിൽ ബാക്കി തുക മുഴുവൻ ലഭ്യമാകും എന്ന് കരുതുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ മുഴുവൻ വിഹിതവും ലഭിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെ ;

(ഇ) സംസ്ഥാനത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിവിധ നാഷണൽ ഹൈവേയുടെ അറ്റകുറ്റ/വികസനപ്പണികൾക്കായി 413 കോടിയുടെ എസ്റ്റിമേറ്റ് കേന്ദ്രത്തിന് സമർപ്പിച്ചു. അതിൽ 126.76 കോടിയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(സി - ഇ) ബാക്കിതുക ലഭിക്കുന്നതിനുള്ള അനുമതിക്കായി സംസ്ഥാന സർക്കാർ ഫോളോ അപ് നടത്തിക്കൊണ്ടിരിക്കുകയാണ്.

മരാമത്ത് പണികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ നടപടി

123 (2223) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) പൊതുമരാമത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ സുതാര്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly